കോഴിക്കോട് ജില്ലയിലെ പുതിയാപ്പയിൽ ഫിഷിംഗ് ഹാർബർ

99. [117] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിലെ പുതിയാപ്പയിൽ ഒരു ഫിഷിംഗ് ഹാർബർ തുടങ്ങുന്നതിനുള്ള നടപടികൾ എടുത്തോയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

പുതിയാപ്പയിൽ ഒരു മത്സ്യ ബന്ധന തുറമുഖം നിർമ്മിക്കുന്നതിനു വേണ്ടി 527 ലക്ഷം രൂപ വരുന്ന ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി 1982-ൽ കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ആയത് കേന്ദ്ര ഗവൺമെൻറിന്റെ പരിഗണനയിലിരിക്കുകയാണ്. എന്നാൽ ഏഴാം പഞ്ചവത്സര പദ്ധതിയിൽ മത്സ്യബന്ധന തുറമുഖങ്ങൾക്കായി നീക്കിവച്ച തുക പരിമിതമായതിനാൽ ഈ തുറമുഖ നിർമ്മാണത്തിന് തല്കാലം അനുമതി നല്കുവാൻ സാദ്ധ്യമല്ലെന്ന് കഴിഞ്ഞ ഏപ്രിൽ മാസത്തിൽ സംസ്ഥാന ഗവൺമെൻറിനെ അറിയിപ്പിച്ചിട്ടുണ്ട്.

കുമളിയിൽ ഫിഷറീസ് ഓഫീസ്

100. [118] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇടുക്കിയിൽ പുതുതായി ആരംഭിച്ച ഫിഷറീസ് ആഫീസ് കുമളിയിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

ആവശ്യമായ നിർദ്ദേശം ഫിഷറീസ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

മൽസ്യത്തൊഴിലാളി ഗ്രാമ സംഘങ്ങൾ

101 [119] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ പ്രവർത്തനക്ഷമമായ എത്ര മൽസ്യത്തൊഴിലാളി ഗ്രാമ സംഘങ്ങൾ നിലവിലുണ്ട് ;

(ബി) അവ നടപ്പിലാക്കി കൊണ്ടിരിക്കുന്ന പരിപാടികൾ എന്തൊക്കെയാണ് ;

(സി) മൽസ്യത്തൊഴിലാളി ഗ്രാമ സഹകരണ സംഘങ്ങളുടെ ഭരണം മൽസ്യത്തൊഴിലാളികൾ തിരഞ്ഞെടുക്കുന്ന സമിതിയെ ഏൽപ്പിക്കാൻ ഉദ്ദേശമുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്നത്തേക്ക് അത് നിലവിൽവരുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇരുനൂറ്റി ഇരുപത്തി രണ്ട്.

(ബി) മത്സ്യഫെഡിന്റെയും മൽസ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെയും എല്ലാ പരിപാടികളും മത്സ്യത്തൊഴിലാളി ക്ഷേമസംഘങ്ങൾ വഴിയാണ് നടപ്പിലാക്കുന്നത്.

എൻ. സി. ഡി. സി. യുടെ സഹായത്തോടെ നൈലോൺ വലയുടെ വിതരണം, നാടൻ വള്ളങ്ങളും, ഫൈബർഗ്ലാസ് ബോട്ടുകളും നൽകുക, ഔട്ട്ബോർഡ് മോട്ടോറുകളുടെ വിതരണം, ബീച്ച് ലാൻറിംഗ് ക്രാഫ്റ്റ് നൽകുക, മൽസ്യ കൃഷിയിടങ്ങളിലെ അറകുറ്റപ്പണികൾ, മീൻ കുഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളുടെ വിതരണം, മൽസ്യത്തൊഴിലാളി സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കിക്കൊടുക്കുക, വനിതാ ബസ്സ് സർവ്വീസുകൾ ഏർപ്പെടുത്തുക, യുണൈറ്റഡ് ഇൻഡ്യാ ഇൻഷ്വറൻസ് കമ്പനി മുഖേന ഫിഷർമെൻ വെൽഫയർ ഫണ്ട് ബോർഡ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഇൻഷ്വറൻസ് പദ്ധതി പ്രകാരം ആവശ്യമായ അന്വേഷണം നടത്തി റിപ്പോർട്ട് നൽകുക, നാടൻ വള്ളങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള ഔട്ട്ബോർഡ് മോട്ടോറുകൾ പ്രവർത്തിപ്പിക്കുന്നതിന് മണ്ണെണ്ണ ലഭ്യമാക്കുക, ന്യായവിലക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിന് വ്യാസ സ്റ്റോറുകൾ നടത്തുക എന്നിവയൊക്കെയാണ് ഗ്രാമസംഘങ്ങൾ മുഖേന നടത്തിവരുന്ന പ്രധാന പരിപാടികൾ.

(സി) ഉണ്ട്.

(ഡി) നിലവിലുള്ള ഭരണ സമിതികളുടെ കാലാവധി കഴിയുന്ന മുറയ്ക്ക് തെരഞ്ഞെടുപ്പു നടത്തി ഭരണം പുതിയ സമിതിയെ ഏല്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

മൽസ്യത്തൊഴിലാളികൾക്കുള്ള ഉപകരണങ്ങൾ വാങ്ങിയതിലെ അഴിമതി

102 [120] ശ്രീ. എം. കെ. കേശവൻ :
,, കെ. ആർ. ചന്ദ്രമോഹനൻ :
ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. കെ. ടി. കണാരൻ :
,, കെ.വി.സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ ഉപകരണങ്ങൾ നൽകുന്നതിനായി സാധനങ്ങൾ വാങ്ങിയതിൽ എന്തെങ്കിലും അഴിമതി നടന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര പരാതികൾ ലഭിച്ചു ;

(സി) അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) ഉണ്ട്.

(ബി) പതിനെട്ട് പരാതികൾ ലഭിച്ചു.

(സി) പരാതികളിൻമേൽ അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ മേൽ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

പഞ്ചായത്തുകളുടെ അതിർത്തി പുന:നിർണ്ണയം

103 [121] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജനസംഖ്യാപരമായും ഭൂമിശാസ്ത്രപരമായും ഉള്ള സൗകര്യങ്ങളെ മുൻനിർത്തി പഞ്ചായത്തുകളുടെ അതിർത്തി പുന:നിർണ്ണയം ചെയ്യാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

വില്ലേജടിസ്ഥാനത്തിൽ പഞ്ചായത്തുകൾ പുന:നിർണ്ണയിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly